2

# വിശ്വാസം

ദൈവത്തെയും വിശ്വാസത്തെയും തെറ്റിദ്ധരിക്കുന്നതുകൊാണ് നാം പ്രാർത്ഥനയിൽ പരാജയപ്പെടുന്നത്. ദൈവത്തിന്റെ പരമാധികാരത്തെ ഊന്നിപറഞ്ഞില്ലെങ്കിൽ, ദൈവത്തിനു തന്റെ മഹിമയും, ബൈബിളിനു അതിന്റെ അധികാരവും, അനുസരണത്തിനു അതിന്റെ ഗുണവും, സഭക്കു അതിന്റെ മുൻഗണനയും നഷ്ടമാകും. പശ്ചാത്താപമുള്ള പ്രാർത്ഥനയാണ് ദൈവത്തോടുള്ള ശരിയായ ഭയഭക്തി. ദൈവത്തിനു മുൻഗണന ആവശ്യപ്പെടുന്നതാണ് പ്രാർത്ഥന.

വിശ്വാസത്തെ ശരിയായി മനസിലാക്കലും പ്രാർത്ഥനക്കു ആവശ്യമാണ്. ദൈവത്തെക്കുറിച്ച് ആളുകൾ ഇന്നു ധാരാളം സംസാരിക്കുന്നു് പക്ഷെ ബൈബിളിലെ ദൈവത്തെ അല്ലെന്നു മാത്രം. പാപം, നഷ്ടം, നാശം, ക്രോധം, നരകം എന്നിവ പ്രചാരത്തിലില്ല. ധാരാളം ആളുകൾ വിശ്വാസത്തെ തുല്യമായി വളർത്തുന്നു് എങ്കിലും അവർ സ്വീകരിക്കുന്നതു വിശ്വാസത്തെ മാത്രമാണ്. വിശ്വാസം എന്നതും വിശ്വാസം മാത്രം എന്നതും രു ആശയങ്ങളാണ്. വിശ്വാസം പ്രവർത്തിക്കുന്നതും, വിശ്വാസം മാത്രം എന്നതു നിർജീവവുമാണ് (യാക്കൊബ് 2:17). നാം വിശ്വാസത്തിൽ കൂടി മാത്രമേ നീതീകരിക്കപ്പെടുന്നുള്ളൂ, പക്ഷെ വിശ്വാസത്താൽ മാത്രമല്ല. ആധുനിക ദൈവശാസ്ത്രത്തിന്റെ വലിയ തെറ്റാണ് അത്. വിശ്വാസം പ്രവർത്തിക്കുന്നു. മനുഷ്യരുടെ വിശ്വാസത്താൽ ദൈവം എല്ലായ്പ്പോഴും അവരെ രക്ഷിച്ചിട്ടു്. എന്താണ് വിശ്വാസത്തിൽ ഉൾപ്പെട്ടിരിക്കുന്നത്? വിശ്വാസം സ്വീകരിക്കുന്നു ... വിശ്വാസം പ്രതികരിക്കുന്നു ... വിശ്വാസം അനുസരിക്കുന്നു ... വിശ്വാസം ജീവിക്കുന്നു. വിശ്വാസം പ്രവൃത്തിയിൽ ഇല്ലാതായാൽ നിർജീവമാണെന്നു യാക്കൊബ് പറഞ്ഞിരിക്കുന്നു (യാക്കൊബ് 2:26). മിക്ക ആളുകളും രക്ഷയെ പരിമിതപ്പെടുത്തി വളരെ ലഘുവാക്കുന്നു, സെക്കന്റിനെ-മുറിച്ചു വിശ്വാസം മാത്രമാക്കുന്നു. യാക്കൊബ് പറയുന്നതനുസരിച്ച്, അവിടെയാണ് നിർജീവവിശ്വാസം ഉള്ളത്. വിശ്വാസം ഒരു നിമിഷത്തേക്കുള്ളതല്ല; വിശ്വാസം ജീവിതത്തിനുള്ളതാണ്. നീതിമാൻ വിശ്വാസത്താൽ ജീവിക്കും (റോമർ 1:17; ഗലാത്യർ 3:11; നോക്കുക എബ്രായർ 10:38). വിശ്വാസം പ്രവർത്തിക്കുന്നു! എബ്രായർ 11 വായിക്കുക. പ്രസിദ്ധിയുടെ ഒരു ഹാളാണ് സ്വർഗം. അവിടെയുള്ള വിശ്വാസം പ്രവർത്തിച്ചതാണ്! മനുഷ്യൻ പ്രാർത്ഥനയിൽ പ്രവർത്തിക്കുമ്പോൾ മാത്രമാണ്, പ്രാർത്ഥന പ്രവൃത്തിക്കു തുല്യമാകുന്നത്. പ്രാർത്ഥന ഒരു പരിശ്രമമാണ്. പ്രാർത്ഥന സ്ഥിരോൽസാഹമാണ്. വിശ്വാസം പ്രവൃത്തിയിൽ വരുന്നതാണ് പ്രാർത്ഥന. ദൈവത്തെ സ്നേഹിക്കുകയും ആശ്രയിക്കയും ചെയ്തതുകൊാണ് വിശ്വാസപുരുഷന്മാർ പ്രാർത്ഥിച്ചിരുന്നത്. നീന്തിക്കൊാണ് നിങ്ങൾ നീന്തുവാൻ ശീലിക്കുന്നത്. പ്രാർത്ഥിച്ചുകൊാണ് നിങ്ങൾ പ്രാർത്ഥിപ്പാൻ ശീലിക്കുന്നത്. പ്രാർത്ഥന രൂക്ഷമാണ്. നാം ദൈവേഷ്ടം നമ്മിലേക്കു വളയ്ക്കുവാൻ ശ്രമിക്കരുത്; നാം ദൈവേഷ്ടത്തിലേക്കു വളയുകയാണ് വേത്. എല്ലാം ദൈവത്തിൽ ആശ്രയിച്ചിരിക്കുന്നതുപോലെയാണ് നാം പ്രാർത്ഥിക്കുന്നത്; എല്ലാം നമ്മിൽ ആശ്രയിച്ചിരിക്കുന്നു എന്ന വിധത്തിലാണ് നാം പ്രവർത്തിക്കുന്നത്. നമ്മുടെ ഇഷ്ടം സ്വർഗത്തിൽ നടക്കേണമേ, എന്നല്ല; ദൈവേഷ്ടം ഭൂമിയിൽ

നടക്കേണമേ എന്നാണ്, നാം പ്രാർത്ഥിക്കുന്നത്.

ചീത്തയായതിനെ കൂടുതൽ വഷളാക്കുവാൻ, നിരവധിപേർ വിശ്വാസത്തെ വിഗ്രഹത്തിലേക്കു ചുരുക്കി അവർ വിശ്വസിക്കുന്നതിൽ വിശ്വസിക്കുന്നു. എല്ലാ യുക്തിക്കും വിപരീതമായി, അവർ വിശ്വാസത്തിൽ പ്രശംസിക്കുകയും വിശ്വാസത്തിൽ അഹങ്കരിക്കുകയും ചെയ്യും. വിശ്വാസം താഴ്ത്തുന്നു. വിശ്വാസത്തിന്റെ മഹിമ അതു കൈവശമാക്കുന്നവനിലല്ല, ആ വസ്തുവിലാണ്. വിശ്വാസം മായയല്ല. സത്യമല്ല എന്നറിയുന്ന ഒന്നിനെ സത്യമാണെന്നു വിശ്വസിക്കുന്നതു വിശ്വാസമല്ല. വിശ്വാസം എന്നത് വിശ്വാസത്തിലുള്ള വിശ്വാസമല്ല മറിച്ചു ദൈവത്തിലുള്ള ആശ്രയമാണ്. വിശ്വാസം യാഥാർത്ഥ്യത്തെ മാറ്റുന്നില്ല. സത്യസന്ധതയില്ലായ്മയല്ല വിശ്വാസം. വിശ്വാസം (അബ്രഹാമിന്റെ ഉദാഹരണം) എന്നത് ഉറപ്പല്ല. അബ്രഹാമിനു ഒരു സഞ്ചാരസഹായ പടം കൊടുത്തിരുന്നില്ല. എവിടേക്കു പോകുന്നു എന്നറിയാതെയാണ്, അവൻ പോയത് (എബ്രായർ 11:8). അതാണ് ആശ്രയിക്കാവുന്ന ഒരു ദൈവത്തിന്റെ കൈകളിൽ നമ്മുടെ കൈകൾ പിടിക്കുന്നതായ വിശ്വാസസാഹസം. നിന്റെ വിശ്വസ്തത വലുതാകുന്നു (വിലാപങ്ങൾ 3:23). വിശ്വാസം താഴ്മയാണ്, ആശ്രയമാണ്, വെടിയുന്നതാണ്, അനുസരണമാണ്, ജീവിതമാണ്! നാം വിശ്വാസത്താൽ രക്ഷിക്കപ്പെട്ടു, വിശുദ്ധീകരിക്കപ്പെട്ടു, തേജസ്ക്കരിക്കപ്പെട്ടു. വിശ്വാസം പ്രാർത്ഥിക്കുന്നു. വിശ്വാസത്തിന്റെ ശബ്ദമാണ് പ്രാർത്ഥന. തന്നിലല്ല, ദൈവത്തിലുള്ള ആശ്രയമാണ് വിശ്വാസം. സ്വയം മരിച്ചു ദൈവത്തിൽ പൂർണ്ണമായി സമർപ്പിക്കുന്നതാണ് വിശ്വാസം. നമുക്ക് ദൈവത്തെ കുറിച്ചുള്ള വാസ്തവമായ ആശയമാണ് നമ്മുടെ പ്രാർത്ഥന. നമുക്ക് വിശ്വാസത്തെ കുറിച്ചുള്ള വാസ്തവത്തിലുള്ള ആശയമാണ് നമ്മുടെ പ്രാർത്ഥന. എല്ലാ ഉത്തരങ്ങളും ലഭിക്കുന്നതല്ല പ്രാർത്ഥന; ഉത്തരങ്ങൾ കൂടാതെ ജീവിക്കുന്നതാണ് വിശ്വാസം. ജീവിക്കുമ്പോൾ മാത്രമാണ് പ്രാർത്ഥനക്കു അർത്ഥമുാകുന്നത്. വിശ്വാസത്തെക്കുറിച്ചും പ്രാർത്ഥനയെകുറിച്ചും ഇയ്യോബ് പൂർണ്ണമായ നിർവ്വചനം നല്കുന്നു: അവൻ എന്നെ കൊന്നാലും, ഞാൻ അവനെത്തന്നെ കാത്തിരിക്കും (ഇയ്യോബ് 13:15). ഉപസംഹാരം ഒന്നേയുള്ളൂ: ജീവിതത്തിൽ *ഏറ്റവും അറിവുള്ളവൻ* ദൈവമാണ്! പ്രാർത്ഥന ദൈവത്തിന്റെ ഔന്നത്യത്തെ പുകഴ്ത്തുന്നു.

എനിക്കു എട്ടു വയസുായിരുന്നപ്പോൾ, എന്റെ അപ്പൻ എന്നെ ബാങ്കിലേക്കു കൊുപോയി. ഞാൻ ഒരു പങ്കാളി ആയതിനാൽ ഞാൻ ഒപ്പിടുന്ന എല്ലാ ചെക്കുകളും കാശായി കൊടുക്കണമെന്നു അപ്പൻ അയാളോടു പറഞ്ഞു. എന്റെ അപ്പൻ എനിക്കു നല്കിയത് ഒരു നേട്ടമാണ്, ഒരു പവിത്രമായ കർത്തവ്യം. അദ്ദേഹം മരിക്കുന്നതുവരെ ആ നേട്ടം എനിക്കുള്ളതായിരുന്നു. ഞാൻ ഒരിക്കലും അതിനെ ദുർവിനിയോഗം ചെയ്യുകയോ മുതലെടുപ്പു നടത്തുകയോ ചെയ്തില്ല. ഈ ദിവസം വരെ എനിക്കു എന്നിസ് ബാങ്കിൽ ഒരു അക്കൗ ്. അപ്പന്റെ ആഗ്രഹപ്രകാരമുള്ള കാര്യങ്ങൾക്കു മാത്രമേ ഞാൻ അതു ഉപയോഗിക്കുന്നുള്ളൂ. ദൈവത്തോടുള്ള പ്രാർത്ഥനയിൽ ആവശ്യങ്ങളും, അവകാശങ്ങളും, കൽപനകളും ഉന്നെു ചില ഉപദേഷ്ടാക്കന്മാർ പറയുന്നതു കേൾക്കുമ്പോൾ ഞെട്ടലുാകുന്നു. പ്രാർത്ഥന ദുരഹങ്കാരമോ സ്വാർത്ഥതയോ അല്ല: അതിനായി ചോദിക്കുകയും സ്വീകരിക്കുകയും ചെയ്യുക; വിശ്വസിക്കുകയും നേടുകയും ചെയ്യുക. ആ പ്രയോഗത്തിൽ ഞാൻ പ്രകടിപ്പിച്ച ആശയം തുനിഞ്ഞ അഥവാ ഒരുമ്പെട്ട എന്നാണ്. പ്രാർത്ഥനയെ പരിഹാസ്യമാക്കരുത്.

# പ്രാർത്ഥനയുടെ ശക്തി

## യാക്കോബ് 5:3-18

"നീതിമാന്റെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു" (യാക്കൊബ് 5:16)

ഏറ്റവും ബലഹീനനായ വിശുദ്ധൻ മുട്ടിന്മേൽ നില്ക്കുന്നതു കാണുമ്പോൾ സാത്താൻ വിറക്കുന്നു.

വില്യം കോപ്പർ

എന്തുകൊു നാം കൂടുതൽ പ്രാർത്ഥിക്കുന്നില്ല? ദൈവം പ്രാർ ത്ഥനക്കു-ചെവികൊടുക്കുന്ന പ്രാർത്ഥനക്കു-മറുപടി കൊടുക്കുന്ന ഒരു ദൈവമാണെങ്കിൽ, നാം എന്തുകൊു അധികം പ്രാർത്ഥിക്കുന്നില്ല? പ്രാർത്ഥിക്കുന്നവർക്കു വലിയ കാര്യങ്ങൾ സംഭവിക്കുന്നു്. ജോൺ വെസ്ലി പറഞ്ഞു, പ്രാർത്ഥനയാൽ ദൈവം എല്ലാം ചെയ്യുമെന്നതിൽ ഞാൻ പ്രചോദിതനായിരിക്കുന്നു, അതു കൂടാതെ ഒന്നും സാധ്യമല്ല. ദിവസവും നാലു മണിക്കൂർ പ്രാർത്ഥിക്കാത്ത ഉപദേഷ്ടാക്കന്മാരോട് ജോൺ വെസ്ലിക്കു ബഹുമാനക്കുറവായിരുന്നു. ലോകത്തിനു സ്വപ്നം കാണുവാൻ കഴിയുന്നതിനേക്കാൾ കൂടുതൽ കൈപ്പണികൾ പ്രാർത്ഥനയാൽ നടക്കും, എന്ന് ഒരു തത്വജ്ഞാനി നിരീക്ഷിച്ചു. തത്വജ്ഞാനത്തിനു ചിന്ത എങ്ങനെയോ അങ്ങനെയാണ് മതത്തിനു പ്രാർത്ഥന. നാം പ്രാർത്ഥിക്കുന്നതിൽ കൂടുതൽ തിരക്കുള്ളവരാകുമ്പോൾ, കൂടുതൽ ശക്തി ലഭിക്കുവാനും തിരക്കുള്ളവരായിരിക്കും. നാം എന്തുകൊു കൂടുതൽ പ്രാർത്ഥിക്കുന്നില്ല? മനുഷ്യൻ പ്രാർത്ഥി ച്ചില്ലെങ്കിൽ ദൈവത്തിനു തന്റെ അനവധി അനുഗ്രഹങ്ങൾ നല്കുവാൻ കഴിയുകയില്ല.

പ്രാർത്ഥനയിൽ ദൈവം പോലും സംപ്രീതനായി. അനന്യാസിനെ ശൗലിന്റെ അടുക്കലേക്ക് അയക്കുമ്പോൾ, ദൈവം പറഞ്ഞു, ... ഇതാ, അവൻ പ്രാർത്ഥിക്കുന്നു (പ്രവൃത്തികൾ 9:11). ദൈവത്തെ സംബന്ധിച്ച്, മനുഷ്യരിൽനിന്നു പ്രാർത്ഥനയേക്കാൾ കൂടുതൽ മനോഹരമായ മറ്റൊന്നില്ല. യോഹന്നാൻ എഴുതി, അവന്റെ ഇഷ്ടപ്രകാരം നാം എന്തെങ്കിലും അപേക്ഷിച്ചാൽ, അവൻ നമ്മുടെ അപേക്ഷ കേൾക്കും, എന്നുള്ളതാണ്, നമുക്ക് അവനിലുള്ള ധൈര്യം. നാം എന്തപേക്ഷിച്ചാലും അവൻ നമ്മുടെ അപേക്ഷ കേൾക്കുന്നു എന്നറിയുന്നുവെങ്കിൽ, അവനോടു കഴിച്ച അപേക്ഷ നമുക്ക് ലഭിച്ചു എന്നും അറിയുന്നു (1 യോഹന്നാൻ 5:14, 15).

മനുഷ്യർക്കു ലോകത്തെ ഇളക്കുവാനും മാറ്റുവാനും കഴിഞ്ഞിട്ടുങ്കെിൽ അതു പ്രാർത്ഥിക്കുന്ന മനുഷ്യരാലാണ്. ദൈവത്തോടു സംസാരിക്കുന്നതും, ദൈവത്താൽ സ്വാഗതം ചെയ്യപ്പെടുന്നതും, ദൈവത്താൽ ഉത്തരം നല്കപ്പെടുന്നതും എത്ര മഹത്തായ നേട്ടമാണ്! ദൈവത്തിനു മനുഷ്യരോടു പറ്റിച്ചേരുവാൻ പോലും കഴിയും! അതു ബലഹീനതയുടെ അടയാളമല്ല, മറിച്ച് ശക്തിയുടെ വെളിപ്പെടുത്തലാണ്. ദൈവം അതു മനസോടെയാണ് ചെയ്യുന്നത്. ദൈവം തന്റെ പരിജ്ഞാനത്താൽ, ജീവിതത്തിൽ മനുഷ്യനു കാര്യങ്ങൾ നട

ക്കേതിന്നു പ്രാർത്ഥിക്കുവാനുള്ള ഒരു വഴി ഒരുക്കിയിരിക്കയാണ്.

*പ്രാർത്ഥന ശക്തിയുള്ളതാണ്, നാം പ്രാർത്ഥനയിൽ വിശ്വസിക്കുന്നില്ല എങ്കിലും ദൈവത്തിൽ വിശ്വസിക്കുന്നു.* പ്രാർത്ഥനയല്ല ദൈവമാണ് സുഖമാക്കുന്നത്. നമുക്ക് ദൈവത്തിങ്കലേക്കുള്ള വഴിയാണ് പ്രാർത്ഥന. പ്രാർത്ഥനയിൽ സർവ്വശക്തനെ നാം നമ്മുടെ പങ്കാളിയാക്കുന്നു! പ്രപഞ്ചത്തിന്റെ ദൈവം നമ്മെ കേൾക്കുവാനും, സഹായിക്കുവാനും ആഗ്രഹിക്കുന്നു! പ്രാർത്ഥനയിൽ ശക്തിയു ്.

**പ്രാർത്ഥിക്കുക!**

നീതിമാന്റെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു (യാക്കൊബ് 5:16). അതു വിശ്വസിക്കുക! അതു പരിശീലിക്കുക! ഏലിയാവു നമുക്ക് സമസ്വഭാവമുള്ള മനുഷ്യനായിരുന്നു, ഭൂമിയിൽ മഴ പെയ്യാതിരിക്കണമെന്നു അവൻ അപേക്ഷിക്കുകയും; ഭൂമിയിൽ മൂന്നു വർഷവും ആറു മാസവും മഴ പെയ്യാതിരിക്കുകയും ചെയ്തു. അവൻ വീും പ്രാർത്ഥിച്ചപ്പോൾ, ആകാശത്തുനിന്നു മഴ പെയ്തു, ഭൂമിയിൽ ധാന്യം വിളഞ്ഞു (യാക്കൊബ് 5:17, 18). പ്രാർത്ഥനയായിരുന്നു ഏലിയാവിന്റെ ശക്തി! ദൈവദാസന്മാരുടെ ഏറ്റവും വലിയ പ്രവൃത്തി പ്രാർത്ഥനയാണ്. *ആദ്യം പ്രാർത്ഥിക്കുക!*

ഏലിയാവു പ്രാർത്ഥിച്ചു. ഗ്രീക്കിൽ വായിക്കുന്നതു നന്നായിരിക്കും: അവന്റെ പ്രാർത്ഥനകളിൽ അവൻ പ്രാർത്ഥിച്ചു. ഏലിയാവു ദൈവത്തിൽ വിശ്വസിച്ചു, അതുകൊു അവൻ പ്രാർത്ഥിച്ചു. അവൻ ആത്മാർത്ഥതയോടെ, വികാരതീവ്രതയോടെ, വിശ്വാസത്തോടെ, പ്രാർത്ഥിച്ചു! ഏലിയാവു പ്രാർത്ഥന പറയുകയായിരുന്നില്ല; അവൻ പ്രാർത്ഥനകൾ പ്രാർത്ഥിക്കുകയായിരുന്നു.

ഇതാ മറ്റൊരു വിലയേറിയ ചിന്ത: ഏലിയാവു നമുക്ക് സമസ്വഭാവമുള്ള മനുഷ്യനായിരുന്നു (വാ. 17). ബൈബിളിലെ നായകന്മാരെ നാം ചിലപ്പോൾ സൂപ്പർ സ്റ്റാറുകളായി കാണാൻ ശ്രമിക്കാറു്. നേരെ മറിച്ച്, അവർ നമ്മെപോലെ മനുഷ്യരായിരുന്നു. ദൈവം ഏലിയാവിനെ ശ്രദ്ധിച്ചു; ദൈവം നമ്മെയും ശ്രദ്ധിക്കും! കർത്താവിന്റെ കണ്ണ് നീതിമാന്മാരുടെമേലും, അവന്റെ ചെവി അവരുടെ പ്രാർത്ഥനക്കും തുറന്നിരിക്കുന്നു (1 പത്രൊസ് 3:12). 10,000 പേരുള്ള സൈന്യത്തിന്റെ ശക്തിയേക്കാൾ താൻ ഭയപ്പെട്ടിരുന്നത് ജോൺ നോക്സിന്റെ പ്രാർത്ഥനയാണെന്നു രാജ്ഞി മേരി പറഞ്ഞിട്ടു്. പ്രാർത്ഥനയിൽ ശക്തിയു്! അതു നമ്മുടേതാണ്!

ചെറിയ പ്രാർത്ഥനക്കു വിപരീതമായി അധിക പ്രാർത്ഥന പ്രയോജനം ചെയ്യുന്നു. പ്രാർത്ഥന ദൈവത്തെ ഉണർത്തുന്നു! ദൈവം പ്രവർത്തിക്കുന്നു! പ്രാർത്ഥന ലോകത്തെ ചലിപ്പിക്കുന്ന കൈകളെ ചലിപ്പിക്കുന്നു. പ്രാർത്ഥന എത്രമാത്രം ശക്തമാണ്? ദൈവം എത്ര ശക്തനാണ്? യെരുശലേം സഭ പ്രാർത്ഥിച്ചപ്പോൾ, വീട് കുലുങ്ങി (പ്രവൃത്തി കൾ 4:31). നാം ചോദിക്കുന്നതിലും നിനെക്കുന്നതിലും അധികം ചെയ്യു മെന്നു ദൈവം വാഗ്ദാനം ചെയ്തിട്ടു് (എഫെസ്യർ 3:20). എന്തുകൊു നാം അധികം പ്രാർത്ഥിക്കുന്നില്ല? ദൈവശക്തി സഭയിലേക്കു വന്നാൽ ആ സഭ എത്രമാത്രം ശക്തിയുള്ളതായിരിക്കും? പ്രാർത്ഥനയില്ലാത്ത സഭ ശക്തിയില്ലാത്ത സഭയായിരിക്കും. പ്രാർത്ഥിക്കുന്ന സഭ ഒരിക്കലും വളരാതിരിക്കുകയില്ല. *ആദ്യം പ്രാർത്ഥിക്കുക!* ബൈബിളിൽ നാം ദൈവത്തിന്റെ 32,000 വാഗ്ദാനങ്ങൾ കാണുന്നു്! ദൈവം പ്രാർത്ഥന കേൾക്കുകയും മറുപടി നൽകുകയും ചെയ്യും. ദൈവത്തിന്റെ

ഏതൊരു വാഗ്ദാനവും അവൻ നിറവേറ്റും.

ഏലിയാവു പ്രാർത്ഥിച്ചു, മഴ പെയ്തില്ല; അവൻ വീും പ്രാർത്ഥിച്ചു, മഴ പെയ്തു. രു പ്രാർത്ഥനയിലും ദൈനന്തിന ജീവിതം ഉൾപ്പെട്ടിരുന്നു. മദ്ധ്യധരണ്യാഴിയിൽ നിന്നാണ് പാലസ്തീനിൽ മഴ പെയ്യുന്നത്. ഏതു ദിശയിലേക്കു നോക്കണം എന്നു ഏലിയാവിനു അറിയാമായിരുന്നു. ഉവ്വ്, ദൈവത്തിന്റെ കരുണപ്രകാരമുള്ള നൽകൽ കാണുന്നതിൽ പ്രശ്നങ്ങളും ഉൾപ്പെടുന്നു്. ദൈവം തന്നെ ഒരു നിഗൂഢതയാണ്. ദിവസവും ജീവിക്കുന്ന യഥാർത്ഥ ആളുകളുമായിട്ടായിരുന്നു ഏലിയാവു ഇടപെട്ടിരുന്നത്. മനുഷ്യരുടെ നിത്യജീവിതത്തിൽ ദൈവം പ്രവർത്തിക്കുന്നു. എന്തൊരു ദൈവം!

പ്രാർത്ഥന ഒന്നുകിൽ ഏറ്റവും വലിയ ശക്തി അല്ലെങ്കിൽ ഏറ്റവും വലിയ വഞ്ചന. നാം പ്രവർത്തിക്കുമ്പോൾ, പ്രവർത്തിക്കുന്നു; നാം പ്രാർത്ഥിക്കുമ്പോൾ, ദൈവം പ്രവർത്തിക്കുന്നു! നമ്മുടെ ആത്മീയ ശക്തി പ്രാർത്ഥനയുടെ കരുണയിലാണ്. ഒരു ക്രിസ്ത്യാനിയെ തന്റെ *കാലിൽ* നിർത്തുവാനുള്ള ഏറ്റവും നല്ല വഴി അവനെ *മുട്ടിന്മേൽ* നിർത്തുന്നതാണ്. ജീവിതത്തെ അഭിമുഖീകരിക്കുമ്പോൾ ക്രിസ്ത്യാനികൾ അതിലെ *പ്രശ്നങ്ങളി*ന്മേലല്ല ശ്രദ്ധിക്കേത്, അതിന്റെ *ശക്തി*യിലാണ്. ക്രിസ്ത്യാനികൾ ഒന്നുകിൽ *പ്രാർത്ഥിക്കും* അല്ലെങ്കിൽ *നശിച്ചുപോകും*. പുതിയ നിയമ സഭ പ്രാർത്ഥിക്കുന്ന സഭ ആയിരുന്നു (പ്രവൃത്തികൾ 2:42; 4:23-31). പ്രാർത്ഥനയില്ലാത്ത പഠനത്തെയും, പ്രസംഗത്തെയും, പ്രവൃത്തികളെയും സാത്താൻ ഭയപ്പെടുന്നില്ല. അവൻ നമ്മുടെ പ്രവൃത്തിയിലും നമ്മുടെ ജ്ഞാനത്തിലും ചിരിക്കുകയാണ്, എന്നാൽ നാം പ്രാർത്ഥിക്കുമ്പോൾ അവൻ വിറെക്കുന്നു. പ്രാർത്ഥനയിൽ ശക്തിയു്. അത് വിശ്വസിക്കുക.

**ദൈവം പ്രാർത്ഥനക്കു മറുപടി നൽകുന്നു!**

മാർട്ടിൻ ലൂതറിനോടു ഒരാൾ പറഞ്ഞു, എന്റെ പ്രാർത്ഥനകൾ ദൈവം കേൾക്കുമെന്ന വിശ്വാസം എനിക്കില്ല. ലൂതർ മറുപടി പറഞ്ഞു, നിങ്ങൾ പ്രാർത്ഥിക്കേതിനുള്ള ഒറ്റ കാരണം അതാണ്. ഓരോ ക്രിസ്ത്യാനിയുടേയും പ്രാർത്ഥനക്കു മറുപടി ലഭിക്കും! വിശ്വാസികളുടെ പ്രാർത്ഥനക്കു മറുപടി കിട്ടാതിരുന്നിട്ടില്ല. പ്രാർത്ഥിക്കാത്ത പ്രാർത്ഥനയുാകും, എന്നാൽ ഒരിക്കലും മറുപടി കിട്ടാത്ത പ്രാർത്ഥനയില്ല. ദൈവത്തിന്റെ *മനസ്സില്ലായ്മയെ* കീഴ്പ്പെടുത്തുന്നതല്ല പ്രാർ ത്ഥന; അത് ദൈവത്തിന്റെ *മനസ്സാണ്*. ദൈവം പ്രാർത്ഥനക്കു മറുപടി നൽകുന്നു! അത് നമ്മുടെ പ്രശ്നമല്ല. ദൈവം എങ്ങനെയാണ് പ്രാർത്ഥനക്കു മറുപടി നൽകുന്നത്?

(1) *ദൈവം അതെ, എന്നു മറുപടി നൽകുന്നു*. നാം ആഗ്രഹിക്കുന്നത് നൽകുവാൻ ദൈവം താൽപര്യപ്പെടുന്നു (സ്നേഹമുള്ള പിതാവിനെ പോലെ). ഏലിയാവു പ്രാർത്ഥിച്ചു, മഴ പെയ്തില്ല. ഏലിയാവു പ്രാർത്ഥിച്ചു, മഴ പെയ്തു. ഹന്ന ഒരു മകനുവേി പ്രാർത്ഥിച്ചു (1 ശമുവേൽ 1:11). ദൈവം ശമുവേലിനേയും മറ്റു മക്കളേയും കൊടുത്ത് അവളെ അനുഗ്രഹിച്ചു. ദൈവം ജീവിക്കുന്നത് നൽകുവാനാണ്. ഹിസ്കീയാവു ജീവിക്കുവാൻ അപേക്ഷിച്ചു; ദൈവം അവന്റെ ആയുസ്സ് നീട്ടികൊടുത്തു (യെശയ്യാവു 38:2-5). എങ്ങനെയായാലും, നമ്മുടെ പ്രാർത്ഥനകൾക്കു നാം മറുപടി പ്രതീക്ഷിക്കുന്നു. ദൈവം ഒരു വിധത്തിൽ മാത്രമേ മറുപടി നൽകൂ എന്ന് നാം ചിന്തിച്ചേക്കാം. കുട്ടികൾക്ക് എന്താണ് നല്ലതെന്ന് അറിഞ്ഞുകൂടാ; എന്നാൽ മാതാപിതാക്കൾക്ക്

അറിയാം. മനുഷ്യർക്ക് എന്താണ് ആവശ്യമെന്ന് അവർക്കറിയില്ല; എന്നാൽ ദൈവത്തിനറിയാം. ദൈവത്തിന്റെ മറുപടികളിൽ അപ്രതീക്ഷിതമായ പ്രതിഫലമുു്! നമ്മുടെ ജീവിതം ഒരു പക്ഷെ തകർന്നിരിക്കാം. അതാണ് പ്രാർത്ഥനയിലെ അപകടം. നിങ്ങൾ പ്രാർത്ഥിക്കുന്നത് എങ്ങനെ എന്നതിൽ ശ്രദ്ധിച്ചാൽ നിങ്ങൾക്കു ലഭിച്ചേക്കാം! വിശ്വാസ നടപ്പ് സൂചിപ്പിക്കുന്നത് ദൈവത്തിൽ നിന്ന് എല്ലായ്പ്പോഴും അപ്രതീക്ഷിതമായതിന് ഒരുങ്ങുക എന്നതാണ്. ദൈവത്തെ പെട്ടിയിലാക്കുവാൻ സാധ്യമല്ല. നിങ്ങൾക്ക് കഴിയാത്ത രീതിയിലല്ല കഴിയുന്ന രീതിയിൽ പ്രാർത്ഥിക്കുക. നാം നമ്മുടെ ജീവിതത്തിലേക്ക് ദൈവത്തെ ക്ഷണിക്കുമ്പോൾ, എല്ലാ തരത്തിലുള്ള സംഭവങ്ങളും ഉായേക്കാം. ദൈവേഷ്ടത്തിനായി പ്രാർത്ഥിക്കുക.

(2) *ദൈവം ഇല്ല, എന്നു മറുപടി നൽകുന്നു.* ഇല്ല എന്നുള്ളതും ഒരുത്തരമാണ്! അതൊരു ഉത്തരമായിട്ടു കാണുവാൻ നമുക്ക് കഴിഞ്ഞെന്നുവരികയില്ല. ഒന്നിനും ഉപകരിക്കാത്ത ഒന്ന് ലഭിക്കേതിനുള്ള വില കുറഞ്ഞ ഒന്നല്ല പ്രാർത്ഥന. ദൈവം ദൈവമാണ്, മനുഷ്യൻ അല്ല താനും. ദൈവത്തിന്മേൽ മനുഷ്യനു ആധിപത്യം നടത്തുവാനുള്ളതല്ല പ്രാർത്ഥന. അനേകർ പ്രാർത്ഥനക്കുള്ള ഉത്തരത്തിനു അതേ എന്ന അർത്ഥം പറയുന്നു. കുട്ടികൾ ചോദിക്കുന്നതെല്ലാം എല്ലായ്പ്പോഴും അപ്പന്മാർക്കു നൽകുവാൻ കഴിയുകയില്ല. പ്രായമായവർക്ക് തങ്ങൾ ചോദിച്ച പലതും നൽകാതിരുന്നതിന് ദൈവത്തിന് നന്ദി പറയേി വന്നതായി അറിയാം. ഓരോ ഉവ്വ് എന്ന ഉത്തരത്തിലും തുല്യമായ ഒരു ഇല്ല എന്നതും അടങ്ങിയിരിക്കുന്നു.

ഗദ്ശെമനയിൽ വെച്ച് ദൈവം തന്റെ വിലയേറിയ പുത്രനോടു മൂന്നു പ്രാവശ്യം ഇല്ല എന്നു പറഞ്ഞു. പൗലൊസിന്റെ ശൂലം നീങ്ങിപോകേതിന് അപേക്ഷിച്ചപ്പോൾ ദൈവം മൂന്നുപ്രാവശ്യം ഇല്ല എന്നു പറഞ്ഞതായി 2 കൊരിന്ത്യർ 12:8, 9 വ്യക്തമാക്കുന്നു. ചിലപ്പോൾ ഇല്ല എന്നതാണ് നല്ല ഉത്തരം. പ്രാർത്ഥനയിൽ നാം ദൈവത്തെ വഞ്ചിക്കുവാൻ ശ്രമിക്കുകയല്ല ദൈവത്തോടു സംസാരിക്കുകയാണ് ചെയ്യുന്നത്. പ്രാർത്ഥനയിൽ ദൈവത്തിന്റെ മറുപടിയിൽ നാം ആശ്രയിക്കുന്നു, അത് നമുക്കിഷ്ടപ്പെട്ടാലും ഇല്ലെങ്കിലും. തന്റെ പ്രാർത്ഥനയിൽ യേശുവിന് എന്താണ് ലഭിച്ചത്? *കാൽവരി!*

(3) *ദൈവം കാത്തിരിക്കുന്നു.* ലൂക്കൊസ് 1-ൽ വളരെ ആകർഷണീയമായ ഒരു സംഭവം നാം കാണുന്നു. സെഖര്യാവും എലിശബത്തും വിശ്വസ്തരായിരുന്നു. എങ്ങനെയായാലും, അവൾ മച്ചിയായിരുന്നു. വർഷങ്ങളോളം ഒരു കുഞ്ഞിനായി അവർ പ്രാർത്ഥിച്ചു. കഠിനതയിലും അവർ പ്രാർത്ഥിച്ചുകൊിരുന്നു. സെഖര്യാവിനു ഒരു ദൂതൻ മകനെ വാഗ്ദാനം ചെയ്തു. അവന് സന്തോഷമുായില്ല! എന്തുകൊ്? കാരണം ആ കുഞ്ഞിനെ അവൻ ഇരുപതുവർഷം മുൻപ് ആഗ്രഹിച്ചതായിരുന്നു! നമ്മിൽ അനേകരും നമ്മുടെ സമയം അനുസരിച്ച് ദൈവം പ്രവർത്തിക്കണം എന്നാണ് ആഗ്രഹിക്കുന്നത്. ദൈവത്തിന്റെ സമയം വ്യത്യാസമുള്ളതായിരിക്കാം. *നിലവിളിക്കാത്ത* വായ് *അടയ്ക്കപ്പെടും*! യോഹന്നാൻ സ്നാപകൻ ജനിക്കുന്നതുവരെ സെഖര്യാവിനു സംസാരശേഷി നഷ്ടമായി. എന്തൊരു മകൻ! കർത്താവിനായി കാത്തിരിക്കുവാൻ അവർക്കു മനസ്സില്ലായിരുന്നു, എന്നാൽ കാലസമ്പൂർണ്ണതയിൽ ദൈവം നൽകിയ മകനെ നോക്കുക!

താൽപര്യം ജനിപ്പിക്കുന്ന മറ്റൊരു പ്രാർത്ഥന ഉൽപത്തി 18:23-32 ൽ കാണാം. എബ്രഹാം സോദോമിനെ രക്ഷിക്കുവാൻ പ്രാർത്ഥിച്ചു. അവൻ ദൈവ

വുമായി ചർച്ച നടത്തി. അൻപതു അതേ, സോദോമിൽ പത്തു നീതിമാന്മാരെങ്കിലും ഉണ്ടെങ്കിൽ സോദോമിനെ രക്ഷിക്കുമായിരുന്നു. പിന്നെ എബ്രഹാം നിർത്തി! അഞ്ചുപേർ, രുപേർ, അല്ലെങ്കിൽ ഒരാൾ ഉായിരുന്നെങ്കിൽ സോദോമിനെ രക്ഷിക്കുവാൻ കഴിയുമായിരുന്നോ? ആർക്കും അറിയില്ല ... കാരണം അബ്രഹാം കർത്താവിനായി കാത്തിരുന്നു.

യിരെമ്യാവു 42:4–7 ലെ യിരെമ്യാവിന്റെ പ്രാർത്ഥനക്കു ദൈവം മറുപടി നൽകി, എന്നാൽ അതു ചെയ്യുവാൻ അവൻ പത്തുദിവസം കാത്തിരുന്നു. യേശു, തന്റെ പ്രാർത്ഥനാതത്വങ്ങളിൽ, സ്ഥിരോൽസാഹത്തെ കുറിച്ചു ധാരാളം പാഠങ്ങൾ പഠിപ്പിക്കുന്നു്. നിങ്ങൾ വിശ്വസിക്കുന്നതു നിർത്തിയാൽ, പ്രാർത്ഥിക്കുന്നതും നിർത്തും. ആഴത്തിൽ, നാം വാസ്തവത്തിൽ പ്രാർത്ഥനയിൽ വിശ്വസിക്കുന്നുവോ? ശാന്തമായി നിന്നു നോക്കുന്ന തത്വജ്ഞാനിയെക്കാൾ കൂടുതൽ മുട്ടിന്മേൽ നിൽക്കുന്ന ക്രിസ്ത്യാനിക്കു കാണുവാൻ കഴിയും.[1]

> പ്രാർത്ഥിക്കൽ നിർത്താതിരിക്കുക.
> മറുപടി താമസിക്കുന്നുവെങ്കിൽ,
> കാത്തിരിക്കുക. ദൈവം വരും,
> അവൻ ഒരിക്കലും അധികം താമസിക്കയില്ല.

(4) *ദൈവം പകരം നൽകുന്നു.* നാം ചോദിക്കുന്നതിലധികമായി അവൻ നൽകുമ്പോഴും എന്തെങ്കിലും വ്യത്യാസമുള്ളതോ, അല്ലെങ്കിൽ നല്ലതോ അവൻ നൽകുന്നു. പാലസ്തീനിൽ പ്രവേശിക്കുവാൻ മോശെ പ്രാർത്ഥിച്ചു. ദൈവം അവന്റെ അപേക്ഷ അനുവദിച്ചില്ല, എന്നാൽ മറുരൂപ മലയിൽ നിന്നും പിസ്ഗായിൽ നിന്നും അതു നോക്കി കാണുവാൻ മോശയെ അവൻ അനുവദിച്ചു. യേശു ലാസറിനെ സുഖപ്പെടുത്തുവാൻ പോയില്ല, എന്നാൽ അവനെ മരിച്ചവരിൽ നിന്ന് അവൻ ഉയർത്തെഴുന്നേൽപിച്ചു (യോഹന്നാൻ 11:43, 44). യേശു തന്നെ പുനരുത്ഥാനവും ജീവനുമെന്ന് മാർത്ത കാണേതിന് അവൻ അവനെ ഉയർപ്പിച്ചു. ദുഃഖിക്കുന്ന ഒരു സ്ത്രീക്ക് ആണ് യേശു ഉയർത്തെഴുന്നേൽപ്പിന്റെ വലിയ ഉപദേശം കൊടുത്തത്. കുട്ടികൾ ആവശ്യപ്പെടുന്നത് മാതാപിതാക്കൾക്ക് കൊടുക്കുവാൻ സാധ്യമല്ലാതെവരുമ്പോൾ, അവർ അതിനുപകരം നല്ലത് കൊടുക്കുന്നു. ഇതേ പ്രശ്നം പൗലൊസ് റോമർ 8:31, 32 ൽ പറയുന്നു: ഇതു സംബന്ധിച്ചു നാം എന്തു പറയേു? ദൈവം നമുക്ക് അനുകൂലം എങ്കിൽ, നമുക്ക് പ്രതികൂലം ആർ? സ്വന്ത പുത്രനെ ആദരിക്കാതെ, നമുക്കെല്ലാവർക്കും വേി ഏൽപിച്ചു തന്നവൻ, അവനോടുകൂടെ സകലവും നമുക്കു നൽകാതിരിക്കുമോ?

സഖ്യ കക്ഷിയിൽ പെട്ട ഒരു പടയാളി ആഭ്യന്തരയുദ്ധത്തിൽ ആയിരുന്നപ്പോൾ ഈവണ്ണം പറഞ്ഞു:

> ഞാൻ നേടേതിനു, ദൈവത്തോടു ശക്തിക്കായി അപേക്ഷിച്ചു,
> എന്നാൽ ഞാൻ താഴ്മയോടെ അനുസരണം ശീലിക്കേതിന്,
> എന്നെ അവൻ ബലഹീനനാക്കി ...
> വലിയ കാര്യങ്ങൾ ചെയ്യേതിന്, ആരോഗ്യത്തിനായി ഞാൻ അപേക്ഷിച്ചു,
> ഞാൻ നല്ല കാര്യങ്ങൾ ചെയ്യേതിന്, എനിക്ക് അംഗവൈകല്യം

നൽകി ...
ഞാൻ സന്തോഷിക്കേ തിന്, ധനത്തിനുവേ അപേക്ഷിച്ചു,
എന്നാൽ എനിക്കു ബുദ്ധി ഉദിക്കേതിന് ദാരിദ്ര്യം നൽകി...
മനുഷ്യരുടെ പുകഴ്ച്ച ലഭിക്കേതിന്, ഞാൻ ശക്തിക്കായി അപേക്ഷിച്ചു,
ദൈവത്തിന്റെ ആവശ്യം എനിക്കു തോന്നേതിന്, എനിക്കവൻ ബലഹീനത തന്നു ...
ജീവിതം ആസ്വദിക്കേ തിന്, ഞാൻ എല്ലാറ്റിനുംവേ അപേക്ഷിച്ചു,
എന്നാൽ എല്ലാം ആസ്വദിക്കേതിന്, എനിക്ക് ജീവൻ നൽകി ...
ഞാൻ ചോദിച്ചതൊന്നും അല്ല എനിക്കു കിട്ടിയത്,
എന്നാൽ എല്ലാം ഞാൻ പ്രത്യാശിച്ചിരുന്നത് ആയിരുന്നു.
എനിക്കു തന്നെ ഏതാ് പുച്ഛമാകുന്ന രീതിയിൽ, ഞാൻ സംസാരിക്കാത്ത പ്രാർത്ഥനകൾക്ക് മറുപടി ലഭിച്ചു.
എല്ലാ മനുഷ്യർക്കിടയിലും, എന്നെ, ഏറ്റവും അധികം അനുഗ്രഹിച്ചു.

ശലോമോൻ ജ്ഞാനത്തിനുവേ അപേക്ഷിച്ചു (1 രാജാക്കന്മാർ 3:6–9). ദൈവം അവനു ജ്ഞാനം മാത്രമല്ല, ധനവും സമാധാനവും, ശക്തിയും നൽകി. മനുഷ്യരുടെ ചെറിയ പ്രാർത്ഥനകൾക്കുപോലും മറുപടി ലഭിക്കാതിരിക്കുമ്പോൾ പലപ്പോഴും അവർ നിരാശരാകുന്നു. മനുഷ്യരുടെ പ്രാർത്ഥന വളരെ ചെറുതാകുമ്പോൾ ദൈവം നിരാശനാകുന്നു.

(5) *ദൈവം നമ്മെ മാറ്റുന്നു.* പ്രാർത്ഥന സാഹചര്യങ്ങളെ മാറ്റുന്നതിന്റെ കാരണം ദൈവം നമ്മെ മാറ്റുന്നതാണ്. സാഹചര്യങ്ങളെ മാറ്റുന്നതിനേക്കാൾ വലുതാണ് നമ്മെ മാറ്റുന്നത്. നിങ്ങളെ ആർക്കെങ്കിലും നൽകുന്നതുപോലെയാണ് ആരിലെങ്കിലും വിശ്വാസമുാകുന്നത്. നാം പ്രാർത്ഥിക്കുമ്പോൾ, മാറുവാൻ നാം ഒരുങ്ങിയിരിക്കണം. നാം പ്രാർത്ഥിക്കുമ്പോൾ, പ്രാർത്ഥിക്കുന്നതിനുമുൻപുള്ളതിനേക്കാൾ ഫലം വ്യത്യാസമുള്ളതായിരിക്കും. പ്രശ്നങ്ങൾ കുറക്കേ തിനല്ല നാം കൂടുതൽ ശക്തി പ്രാപിക്കുവാനാണ് പ്രാർത്ഥിക്കേ ത്. ഭാരം ലഘൂകരിക്കേ തിനല്ല, തോൾ വീതിയുള്ളതാകേ തിനാണ് നാം പ്രാർത്ഥിക്കേത്. മറുപടി ലഭിച്ച പ്രാർത്ഥനകളുടെ മഹാത്ഭുതം അനുഗ്രഹങ്ങളല്ല നമ്മുടെ ജീവിതത്തിൽ ദൈവം പ്രവർത്തിക്കുന്നത് കാണുന്നതാണ്. നമ്മുടെ ജീവിതത്തിൽ ദൈവം പ്രവർത്തിക്കുന്നുന്നെ് അറിയുന്നത് തന്നെ ആശ്ചര്യമാണ്! പ്രാർത്ഥിക്കുക എന്നാൽ, ദൈവത്തിങ്കലേക്ക് തുറന്ന മനസ്സോടെ മാറുക എന്നാണർത്ഥം.

(6) *ദൈവം നമുക്ക് ദൈവത്തെ നൽകുന്നു.* ചില പ്രാർത്ഥനകൾക്ക് ദൈവം മറുപടി നൽകിയാൽ അതു വാസ്തവത്തിൽ കൈകാര്യം ചെയ്യുവാൻ നമുക്ക് കഴിയുമായിരുന്നില്ല. നമുക്ക് വിശദീകരണം അല്ല ദൈവത്തെയാണ് ആവശ്യം! *ദൈവം!* ദൈവം തന്നെ വരുന്നു! പ്രാർത്ഥന ശക്തിയുള്ളതാണ് കാരണം ദൈവം സർവ്വ-ശക്തനാണ്. പ്രാർത്ഥന നമ്മെ ദൈവസാന്നിധ്യത്തിലാക്കുന്നു. നാം ദൈവത്തോടുകൂടെ കൂടുതൽ സമയം ചിലവഴിക്കുന്തോറും, നാം കൂടുതൽ ദൈവത്തെപോലെ ആകും. നാം ആരാധിക്കുന്ന ദൈവത്തെ പോലെ ആകും. ദൈവം മോശെയുടെ അടുത്തു, ദാവീദിന്റെ അടുത്ത്, ഇയ്യോബിന്റെ അടുത്ത്, പ്രവാചകന്മാരുടെ അടുത്ത്, പൗലൊസിന്റെ അടുത്ത് വന്നു. പ്രാർത്ഥനയുടെ ഏറ്റവും വലിയ മറുപടി ദൈവസാന്നിദ്ധ്യമാണ്. നമുക്കു ദൈവം

എന്താണ് *ചെയ്യുന്നത്* എന്നതിനേക്കാൾ ദൈവം ആ*രാണ്* എന്നതിനാണ് പ്രാധാന്യം.

അപൂർവ്വമായ രീതികൾ എനിക്കറിയില്ല,
എന്നാൽ ഇതെനിക്കറിയാം, ദൈവം പ്രാർത്ഥനക്കു മറുപടി നൽകും.
അവൻ തന്റെ വചനം നൽകിയിട്ടു് എന്നെനിക്കറിയാം,
അതിൽ പറയുന്നത് എപ്പോഴും പ്രാർത്ഥന കേൾക്കുകയും,
പെട്ടെന്നോ അല്ലെങ്കിൽ പിന്നീടോ, മറുപടി നൽകുകയും ചെയ്യും;
അതുകൊു ഞാൻ പ്രാർത്ഥിച്ച് ശാന്തമായി കാത്തിരിക്കും.

ഞാൻ വിചാരിക്കുന്ന രീതിയിലാണോ
അനുഗ്രഹങ്ങൾ വരുന്നത് എന്നെനിക്കറിയില്ല;
എന്നാൽ എന്റെ പ്രാർത്ഥന അവനിൽ മാത്രമായി വിടുന്നു,
എന്റെ ഇഷ്ടത്തേക്കാൾ ബുദ്ധിയുള്ളതാണ് അവന്റെ ഇഷ്ടം.
എന്റെ അപേക്ഷക്കു മറുപടി നൽകും എന്നുറപ്പാണ്,
അല്ലെങ്കിൽ ഏറ്റവും നല്ല ചില ഉത്തരം അവൻ നൽകും.
എലിസബത്ത് എം. ഹിക്കോക്ക്

***"കർത്താവേ, ഞാൻ പ്രാർത്ഥനയിൽ വിശ്വസിക്കുന്നില്ല...***
***എനിക്ക് നിന്നിൽ വിശ്വാസമു്.***
***വിശ്വാസത്തിൽ പ്രാർത്ഥിപ്പാൻ എന്നെ പഠിപ്പിക്കേണമേ."***

---

കുറിപ്പു
[1]അഗസ്റ്റസ് ടൊപ്‌ളാഡി.